പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 സെപ്റ്റംബർ 26, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു.)

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ, നറുക്കെടുപ്പിലൂടെ ലഭിച്ച നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളെ ക്രമമായി ഉൾപ്പെടുത്താത്തതുസംബന്ധിച്ച് ആരോപണം ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ ബഹളം വയ്ക്കുകയും ചോദ്യോത്തരവേള തടസ്സപ്പെടുകയും ചെയ്തതിനെത്തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ, ചോദ്യം അനുവദിക്കുന്നത് സംബന്ധിച്ച നിയമസഭാ നടപടിചട്ടം 36-ൽ പറയുന്നത് പൊതുപ്രാധാന്യമുള്ള ഒരു സംഗതി സംബന്ധിച്ച് വിവരം ലഭിക്കുന്നതിനാണ് ചോദ്യം ചോദിക്കേണ്ടതെന്നും ചോദ്യം അനുവദനീയ മാകണമെങ്കിൽ അത് സബ്റൂൾ(2)-ൽ അനുശാസിക്കുന്ന 21 നിബന്ധന കൾക്ക് വിധേയമായിട്ടായിരിക്കണമെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളതെന്നും കോടതിയിൽ പെന്റിംഗായ ഒരു വിഷയത്തെക്കുറിച്ച് സാധാരണഗതിയിൽ

ചോദ്യങ്ങൾ അനുവദനീയമല്ലെന്നും കോടതിയുടെ പരിഗണനയിലുള്ള വിഷയത്തെ സ്വാധീനിക്കാതിരിക്കാനാണ് പ്രസ്തുത നിബന്ധന വച്ചിരിക്കുന്നതെന്നും ശ്രീ. വി. ശിവൻകുട്ടി നോട്ടീസ് നൽകിയ രണ്ട് ചോദ്യങ്ങളിൽ ഐസ്ക്രീം പാർലർ കേസിനെ സംബന്ധിക്കുന്ന വിഷയം കേരള ഹൈക്കോടതിയുടെ പരിഗണനയിലായതിനാലാണ് പ്രസ്തുത ചോദ്യം നക്ഷത്രരഹിത 109-ാം നമ്പർ ചോദ്യമായി അനുവദിക്കുകയും വിഴിഞ്ഞം രാജ്യാന്തര തുറമുഖം പദ്ധതിയെ സംബന്ധിച്ച ചോദ്യം നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (1) ആയി അനുവദിക്കുകയും ചെയ്തതെന്നും, റൂൾ ചെയ്തു.)

1 (*1) <u>വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി</u>

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള സത്വര നടപടികൾ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നും ടെർമിനൽ നിർമ്മാണത്തിനും പോർട്ട് നടത്തിപ്പിനും സ്വകാര്യ പങ്കാളിയെ കണ്ടെത്താനുള്ള ഗ്ലോബൽ ടെൻഡറിന് ആർ.എഫ്.ക്യു. (റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ) സമർപ്പിച്ച കമ്പനികളുടെ ടെക്നിക്കൽ ബിഡ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ Consortium of Welspun Infratech Ltd (India) Welspun Corp Ltd (India) Leighton Contractors (India) Private Ltd., Mundra Port And Special Economic Zone (India) എന്നീ രണ്ട് കമ്പനികൾ സാങ്കേതികമായി യോഗ്യരാണെന്ന് കണ്ടെത്തിയിട്ടുന്നെും സഭയെ അറിയിച്ചു. ലാന്റ്ലോർഡ് മോഡൽ

പ്രകാരം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതിയുടെ പോർട്ട് ഓപ്പറേറ്ററെ കണ്ടെത്തുന്നതിനുള്ള ടെണ്ടറിൽ 14 കമ്പനികൾ/കൺസോർഷ്യം ആർ.എഫ്.ക്യു. സ്റ്റേജിൽ പങ്കെടുത്തതിൽ 12 കമ്പനികൾ/കൺസോർഷ്യം അപേക്ഷിച്ചിരുന്നതനുസരിച്ച് ബിഡ്ഡുകൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധി നീട്ടിനൽകുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിൽനിന്നും സുരക്ഷാ അനുമതി ലഭിച്ചശേഷം ഇവരുടെ സാമ്പത്തിക ടെണ്ടർ തുറന്നാൽ മതിയെന്നാണ് എമ്പവേർഡ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്. രണ്ട് കമ്പനി കളുടെയും സുരക്ഷാനുമതിക്കായി 15-09-2011-ന് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്; എന്നാൽ പ്രവർത്തന പങ്കാളിയെ തീരുമാനിച്ചിട്ടില്ലാത്ത തിനാൽ എഗ്രിമെന്റ് വച്ചിട്ടില്ല. വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട പരിസ്ഥിതി പഠനത്തിനുള്ള ടേംസ് ഓഫ് റഫറൻസ് അംഗീകരിക്കുകയും എൽ & ടി. റാമ്പോൾ പഠനം നടത്തിക്കൊണ്ടിരിക്കുകയുമാണ്. 09-06-2011-ന് ബോർഡ് പുന:സംഘടിപ്പിച്ച് എം.ഡി.യെ നിയോഗിക്കുകയും ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഒരു പ്രൊഫഷണൽ ടീമിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇ.പി.സി. തയ്യാറാക്കാൻ AECOM Ltd-നെ ചുമതലപ്പെടുത്തുകയും മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തുറമുഖത്തേക്ക് വൈദ്യുതി, ജലം എന്നിവ എത്തിക്കുന്നതിനും റോഡ്, റെയിൽ ഗതാഗതത്തിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ സുതാര്യമാക്കുന്നതിന് ഒരു വെബ്സൈറ്റിന് രൂപം നൽകി എല്ലാ നടപടികളും അതാത് ദിവസംതന്നെ വെബ്സൈറ്റിൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. കൊടുങ്ങല്ലൂർ

തുറമുഖത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെയും ഉന്നതതല ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചുകൂട്ടി ഹൈഡ്രോഗ്രാഫിക് സർവ്വേ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖ നിർമ്മാണത്തിനുള്ള ലാന്റ് അക്വിസിഷന് പണം അനുവദിക്കുകയും നിർദ്ദിഷ്ട സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ടെന്നും കേന്ദ്രസഹായത്തോടുകൂടിയുള്ള തുറമുഖമായി വികസിപ്പിക്കാനാണ് ആലോചിക്കുന്നതെന്നും പൊന്നാനി കാർഗോ പോർട്ട് സ്വകാര്യ പങ്കാളിത്തത്തോടുകൂടി വികസിപ്പിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

2 (*2 & *25) <u>പുതുക്കിയ ബഡ്ജറ്റിൽ നിന്നും ഒഴിവാക്കിയ പദ്ധതികൾ</u>

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) നൽകിയ മറുപടിയിൽ, മുൻസർക്കാർ 2011-12 വർഷത്തേക്ക് അവതരിപ്പിച്ച ബഡ്ജറ്റിൽ അടുത്ത പത്ത് വർഷംകൊണ്ട് അൽബറാക്ക് എന്ന പലിശരഹിത ധനകാര്യ സ്ഥാപനംവഴി നടപ്പാക്കാനുദ്ദേശിച്ച 40,000 കോടി രൂപയുടെ സമഗ്ര റോഡ് വികസന പദ്ധതി പ്രായോഗികമല്ലെന്നുകണ്ടതിനാൽ അതിന്റെ നടത്തിപ്പിലേക്കായി RBDCK, KRFഎന്നീ സ്ഥാപനങ്ങൾക്ക് വായ്പയിനത്തിൽ നൽകിയിരുന്ന 1000 കോടി രൂപ ഈ സർക്കാർ കൊണ്ടുവന്ന ഭേദഗതി ബഡ്ജറ്റിൽ കുറവ് ചെയ്തിട്ടുണ്ടെന്നും പകരം അഞ്ച് വർഷംകൊണ്ട് കേരളത്തിലെ പ്രധാനപ്പെട്ട 1000 കി.മീ. റോഡുകളുടെയെങ്കിലും നിലവാരം ഉയർത്താൻ 5,100 കോടി രൂപയുടെ സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് രൂപവൽക്കരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. ഇതിലേക്കായി ദേഭഗതിപത്രിക പ്രകാരം 200 കോടി

രൂപയും 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന റോഡുകൾക്കും പാലങ്ങൾക്കും മുൻഗണനാക്രമമനുസരിച്ച് ഭരണാനുമതി നൽകുന്നതിനായി 125 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വികസന പദ്ധതികൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ഇപ്പോൾ അവതരിപ്പിച്ചി ട്ടുള്ളതെന്നും ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾക്കായി 20 കോടി രൂപയും കോർപ്പറേഷൻ റോഡുകൾക്ക് 157 കോടി രൂപയും കാലവർഷ ക്കെടുതിമൂലം തകർന്ന റോഡുകൾക്ക് 314 കോടി രൂപയും ഇപ്പോൾ അനുവദിച്ചിട്ടുണ്ടെന്നും ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കൊച്ചിൻ മുസിരിസ് ബൈനലെ എന്ന പരിപാടിക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. ഓണക്കാലത്ത് എല്ലാ ക്ഷേമപെൻഷനു കളും വർദ്ധിപ്പിച്ച നിരക്കിൽ കുടിശ്ശിക സഹിതം അനുവദിച്ചിട്ടുണ്ടെന്നും ചില തദ്ദേശഭരണ സ്ഥാപനങ്ങൾ അത് വിതരണം ചെയ്യാത്തതുസംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ നടപടിയെടുക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1 മുതൽ 299 വരെയുള്ള ചോദ്യങ്ങളിൽ 128 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)